# അർദ്ധവാർഷിക മൂല്യനിർണയം 2017-18

## ഉദ്ഗ്രഥനം- ഒന്നാം ദിവസം

പേര് : ........................................................... സ്കൂൾ :

**പ്രവർത്തനം. 1** **കഥ പൂർത്തിയാക്കാം** നിലവാരസൂചിക

ഓടിക്കോ... ഉഗ്രൻ വരുന്നു.
ചിരിൽ...ചരിൽ ശബ്ദമുണ്ടാക്കി അണ്ണാൻ
തൊട്ടടുത്ത മരച്ചില്ലയിലേക്ക് ഒറ്റച്ചാട്ടം.
പൂമ്പാറ്റകൾ വർണച്ചിറകുകൾ ഒതുക്കി
പച്ചിലകൾക്കിടയിൽ പതുങ്ങിനിന്നു.
ഉഗ്രൻ കുരങ്ങൻ ചാടിമറിഞ്ഞു വന്നു.
മരക്കൊമ്പിലേക്ക് ഒറ്റച്ചാട്ടം.
മരച്ചില്ലകൾ പിടിച്ചു കുലുക്കി.
പഴുത്തു തുടുത്ത മാമ്പഴങ്ങൾ താഴെ
വീഴ്ത്തി. അവയെല്ലാം വാരിയെടുത്ത്
ഓടി മറഞ്ഞു. മരമുത്തച്ഛനു വല്ലാതെ വേദനിച്ചു.
മഹാശല്യക്കാരനാണ് അവൻ. മരപ്പൊത്തിൽ
ഒളിച്ചിരുന്ന പച്ചത്തത്ത പിറുപിറുത്തു.
ആ ദുഷ്ടൻ പോയി. മഞ്ഞക്കിളി അറിയിച്ചു.
എല്ലാവർക്കും ആശ്വാസമായി.
അവർ വീണ്ടും മരച്ചില്ലകളിൽ ഒത്തുകൂടി
താഴെ കുറ്റിച്ചില്ലകളിൽ നിന്ന് ഒരു ശബ്ദം.
എല്ലാവരും ചെവിവട്ടം പിടിച്ചു.
നെഞ്ചിടിപ്പ് കൂടിക്കൂടി വന്നു.
അതാ അവൻ വീണ്ടും വരുന്നു...
..........................................................
..........................................................



- മരത്തിൽ കയറിയ ഉഗ്രൻ കുരങ്ങൻ എന്തൊക്കെയാണ് ചെയ്തത്?

കഥയുടെ ബാക്കിഭാഗം പൂർത്തിയാക്കാം

**പ്രവർത്തനം. 2** **മാമ്പഴമെത്ര?** നിലവാരസൂചിക

ഉഗ്രൻ ഓടിരക്ഷപ്പെട്ടു. എല്ലാവരും മരമുത്തച്ഛന് ചുവട്ടിൽ ഒത്തു ചേർന്നു. മരമുത്തച്ഛൻ എല്ലാവർക്കും മാമ്പഴം നൽകി. ഓരോരുത്തർക്കും ലഭിച്ച മാമ്പഴങ്ങളുടെ എണ്ണം നോക്കൂ.

| അണ്ണാൻ | തത്ത | കിളി | പൂച്ച |
|---|---|---|---|
| 29 | 19 | 22 | 18 |

പൂച്ചയും അണ്ണാനും അവർ പെറുക്കിയ മാമ്പഴങ്ങൾ മരച്ചുവട്ടിൽ കൂട്ടിവെച്ചു. രണ്ടു പേർക്കും കൂടി ആകെ എത്ര മാമ്പഴം ലഭിച്ചു?

- അണ്ണാന്റെ കൈയിലുള്ള മാമ്പഴങ്ങൾ?
- പൂച്ചയുടെ കൈയിലുള്ള മാമ്പഴങ്ങൾ?
- രണ്ടുപേർക്കും കൂടി ആകെ എത്ര മാമ്പഴങ്ങൾ?
- പൂച്ചയേക്കാൾ എത്ര മാമ്പഴങ്ങൾ കൂടുതലാണ് അണ്ണാന്?

- തത്തയ്ക്കും കിളിക്കും കൂടി എത്ര മാമ്പഴങ്ങൾ ലഭിച്ചിട്ടുണ്ടാകും?

പ്രവർത്തനം. 3 **സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട** നിലവാരസൂചിക

രോഗങ്ങൾ ഉണ്ടാകുന്നതിനും പകരുന്നതിനും കാരണം നമ്മുടെ വ്യക്തിശുചിത്വത്തിലെ പോരായ്മയും പരിസരശുചിത്വമില്ലായ്മയുമാണ്. നിങ്ങളുടെ വിദ്യാലയത്തിൽ താഴെ പറയുന്ന ഇടങ്ങളിൽ പതിക്കാനുള്ള പോസ്റ്റർ വാക്യങ്ങൾ തയാറാക്കൂ.



അടുക്കള

ടോയ്‌ലറ്റ്



ക്ലാസ്മുറി



- രണ്ട് വ്യക്തിശുചിത്വ ശീലങ്ങൾ എഴുതൂ.

1.

2.

പ്രവർത്തനം. 4      കടങ്കഥ      നിലവാരസൂചിക

കടങ്കഥകളുടെ ഉത്തരം കണ്ടെത്തി എഴുതൂ

തണൽ തരുന്നവർ ഞങ്ങൾ
വിറകു തരുന്നവർ ഞങ്ങൾ
പഴങ്ങൾ തരുന്നവർ ഞങ്ങൾ
കൂടു കെട്ടാൻ ഇടം തരുന്നവർ ഞങ്ങൾ
പറയൂ പറയൂ ഞങ്ങളാര്?

ആലിലുണ്ട്, മാവിലില്ല,
പനയിലുണ്ട്, പറയിലില്ല.

പുള്ളിയുടുപ്പിട്ട് തുള്ളിക്കളിക്കും.
പൂക്കൾ എന്നുടെ ചങ്ങാതി.

ചിത്രത്തിലുള്ള ജീവികൾ ഉത്തരമായി വരുന്ന കടങ്കഥകൾ തയാറാക്കൂ





പ്രവർത്തനം. 5 **പഴങ്ങളെത്ര?**

പഴക്കടയിൽ 100 വീതം പഴങ്ങൾ നിറച്ച പഴക്കുട്ടകൾ നിരത്തിവെച്ചിരിക്കുന്നു. അധികം വന്ന പഴങ്ങൾ ഓരോ കുട്ടയുടെയും അടുത്തുവെച്ചിട്ടുണ്ട്. കുട്ടയിലും നിരത്തിവച്ചതുമായ പഴങ്ങൾ ആകെ എത്രയെന്ന് കണ്ടെത്താമോ?

ആപ്പിൾ 

മാങ്ങ 

ഓറഞ്ച് 

പേരയ്ക്ക 

• പഴങ്ങളെ എണ്ണത്തിനനുസരിച്ച് ആരോഹണക്രമത്തിൽ ക്രമീകരിക്കൂ.

| | | | |
|---|---|---|---|
| | | പേരയ്ക്ക | |

ഏറ്റവും കൂടുതൽ ഏത്? കുറവ് ഏത്?